## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4801 — 18.12.2014 ൽ മറുപടിക്ക്

## വസ്തുവിലേയ്ക്ക് വഴി അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) നിലവിലുള്ള ആധാരത്തിൽ വഴി പറഞ്ഞിട്ടില്ലാത്തതിനാൽ പരമ്പരാഗതമായി കൈമാറി വന്ന വസ്തുവിലേയ്ക്ക് പോലും വഴി തടസ്സപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമോ; | (എ) നിലവിലുള്ള ആധാരത്തിൽ വഴി പറഞ്ഞിട്ടില്ലാത്തതിനാൽ പരമ്പരാഗതമായി കൈമാറി വന്ന വസ്തുവിലേയ്ക്കുള്ള വഴി തടസ്സപ്പെടുന്ന പരാതി സിവിൽ സ്വഭാവമുള്ള വിഷയമാകയാൽ ബന്ധപ്പെട്ട സിവിൽ കോടതി മുഖേന പ്രശ്നം പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) റോഡരികിൽ ഗാർഹിക സൗകര്യങ്ങൾ ഒരുക്കുന്നവർ പുറകിൽ കഴിയുന്നവർക്ക് വഴി നടക്കാനുള്ള അവകാശം പോലും ലംഘിക്കുകയും പ്രസ്തുത വസ്തു കുറഞ്ഞ വിലയ്ക്ക് തട്ടിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ വഴി തടസ്സപ്പെടുത്തുന്നതിനെതിരെ ആർ.ഡി.ഒ.യ്ക്കും മറ്റും വരുന്ന പരാതി പരിഹരിക്കുന്നതിന് എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) ഇത്തരത്തിൽ വഴി തടസ്സം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണം നടത്തി സർക്കാർ ഭൂമിയിലുൾപ്പെട്ടതാണെങ്കിൽ അനധികൃത കയ്യേറ്റത്തിനെതിരെ ഭൂ സംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും സ്വകാര്യ വസ്തുവിലുൾപ്പെട്ട പരാതികൾ സിവിൽ കോടതി മുഖേന പരിഹരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു. കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ 1973 ലെ സെക്ഷൻ 133 പ്രകാരം സബ് കളക്ടർ/ആർ.ഡി.ഒ പൊതു വഴി തടസ്സം സംബന്ധിച്ച വിഷയങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) ഏതൊരു വസ്തുവിലേയ്ക്കുമുള്ള വഴികൾ തടയുന്നത് ക്രിമിനൽ കുറ്റമായി കണ്ട് കേസെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിലവിലുള്ള നിയമ പ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ